Lesson-23
പാഠം-23

# യേശുവിന്റെ പരീക്ഷകൾ
# Jesus –temptations

ചിത്രത്തിന് നിറം കൊടുക്കുക
Colour the picture



**തേൻകണം**
**Honey Comb**

**പിശാചിന്റെ തന്ത്രങ്ങളോടു എതിർത്തു നിൽപാൻ കഴിയേണ്ടതിന്**
**ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊൾവിൻ. എഫെസ്യർ 6:11**

Put on the whole armour of God that ye may be able
to stand against the wiles of the devil. Eph. 6:11

**പാഠഭാഗം: മത്തായി 3:13, 4:11, ലൂക്കോസ് 4:1–13**

യേശു നസ്രേത്ത് എന്ന ഗ്രാമത്തിൽ മാതാപിതാക്കളെ അനുസരിച്ച് 30 വയസ്സു വരെ താമസിച്ചു. 30–ാം വയസ്സിൽ യോഹന്നാന്റെ കൈക്കീഴിൽ യോർദ്ദാൻ നദിയിൽ സ്നാനം ഏറ്റു. അതിനു ശേഷം യേശു 40 ദിവസം മരുഭൂമിയിൽ ഉപവസിച്ചും പ്രാർത്ഥിച്ചും കഴിച്ചു കൂട്ടി. ഈ ദിവസങ്ങളിൽ സാത്താൻ അവനെ പരീക്ഷിച്ചു കൊണ്ടിരുന്നു.

40 ദിവസത്തെ ഉപവാസത്തിനു ശേഷം യേശുവിനു വിശന്നു. അപ്പോൾ സാത്താൻ അവനെ പരീക്ഷിപ്പാനായി അടുത്തു വന്നു. 3 വിധ പരീക്ഷകളാണ് യേശു നേരിട്ടത്.

1. മരുഭൂമിയിൽ യേശുവിനു വിശന്നപ്പോൾ അവിടെ ഭക്ഷണം വാങ്ങുവാനുള്ള ക്രമീകരണം ഒന്നും ഇല്ല . ഈ തക്കം മനസ്സിലാക്കി അവിടെ കിടന്നിരുന്ന കല്ലുകളെ കാണിച്ച് സാത്താൻ യേശുവിനോടുപ റഞ്ഞു.' 'നീ ദൈവപുത്രനല്ലേ,ഇ ൗക ല്ലിനോട്അ പ്പമായിത ീരുവാൻ കല്പിക്ക" അങ്ങനെ അതു തിന്ന് നിനക്ക് വിശപ്പടക്കാം. എന്നാൽ യേശു സാത്താനോട് " മനുഷ്യൻ അപ്പം കൊണ്ടുമാത്രമല്ല, ദൈവത്തിന്റെ വായിൽ നിന്നും വരുന്ന വചനം കൊണ്ടും ജീവിക്കുന്നു" എന്നു മറുപടി പറഞ്ഞു.

2. അതിനു ശേഷം പിശാച് യേശുവിനെ യെരുശലേമിലെ ദേവാലയത്തിന്റെ മുകളിൽ നിർത്തി, നീ ദൈവപുത്രനെങ്കിൽ താഴോട്ടു ചാടുക, നിന്നെ ദൈവം കൈകളിൽ താങ്ങികൊള്ളും എന്നു പറഞ്ഞു.

അതിന് യേശു ഉത്തരമായി സാത്താനോട് "നിന്റെ ദൈവമായ കർത്താവിനെ പരീക്ഷിക്കരുത്" എന്ന വാക്യം പറഞ്ഞ് ആ പരീക്ഷയും ജയിച്ചു.

3. വീണ്ടും സാത്താൻ യേശുവിനെ വളരെ ഉയരമുള്ള ഒരു മലയിൽ കൂട്ടികൊണ്ടു പോയി, ചുറ്റുമുള്ള സകല കാഴ്ചകളും കാണിച്ചു. എന്നിട്ടു പറഞ്ഞു "ഈ മഹത്വം എല്ലാം നീ കാണുന്നില്ലേ, വീണ് എന്നെ നമസ്കരിച്ചാൽ ഈ മഹത്വമെല്ലാം നിനക്കു തരാം". യേശു അവനെ ശാസിച്ചു "സാത്താനെ എന്നെ വിട്ടുപോ, നിന്റെ ദൈവമായ കർത്താവിനെ മാത്രമേ നമസ്കരിക്കാവൂ എന്ന് എഴുതിയിരിക്കുന്നു എന്നു പറഞ്ഞു.

ഇങ്ങനെ യേശു സാത്താൻ തന്നെ പരീക്ഷിച്ച മൂന്നു പരീക്ഷകളിലും വിജയിച്ചു. തന്റെ പരസ്യശുശ്രൂഷ ആരംഭിച്ചു.

**സന്ദേശം: സാത്താനെ ദൈവവചനം കൊണ്ട് ജയിക്കണം. പരീക്ഷയിൽ പതറരുത്. നമ്മുടെ ദൈവം സാത്താനെ പരാജയപ്പെടുത്തിയവനാണ്.**

## Reading Portion: Mathew 4: 1-11, Luke 4: 1-13

Jesus lived in Nazareth with His parents till he was 30 years of age. At 30 he was baptized in the river Jordan by John the Baptist. Then He was led by the spirit to the wilderness. He fasted and prayed for forty days. He felt hungry then. Then Satan came to tempt him in three ways.

Jesus was hungry but no food was available there. Nothing could be arranged also. Satan temptingly told Jesus, showing him the stones in the ground. "You are the Son of God, command that these stones may be made bread." Jesus understood what Satan wanted. He said – "Man shall not live by bread alone but by every word that comes from the mouth of God".

Satan took Him to the pinnacle of the temple of God and told "If you are the son of God, Jump down, for the Angel will hold you in their hands that your foot will not touch against a stone" Jesus said to Satan "Thou shall not tempt the Lord thy God.

The Devil then took Him to a mountain exceedingly high and showed Him all kingdoms of the world and the glory of them. Devil tempted Jesus "fall down and worship me, I'll give thee all these things". Jesus rebuked him. "Get out of here". It is written that you shall worship your Lord and only Him shall you serve"

Jesus won over the devil in all these tests and then He started His public ministry.

**Message: You must win over Satan using the word of God. Don't be distracted in tests. Because our God has defeated the devil.**

പ്രവർത്തനം Activity

സാത്താൻ പരീക്ഷിക്കുവാൻ വരുന്നുണ്ട്...
വേഗം ഈ നമ്പരിൽ വിളിക്കൂ...

Satan is coming with temptations...
call this number...





പൂരിപ്പിക്കാമോ? Join the gap

 = ദൈവം

**യേശുവിന് നേരിട്ട മൂന്ന് പരീക്ഷകൾ വിശദീകരിക്കാമോ?**

**Explain the temptations Jesus faced**






1. യേശു എത്ര ദിവസം ഉപവസിച്ചു?
   How many days did Jesus fast ?
2. യേശുവിനെ സാത്താൻ എത്ര പ്രാവശ്യം പരീക്ഷിച്ചു?
   How many times did Satan test Jesus?
3. മലയുടെ മുകളിൽ വെച്ച് സാത്താൻ എന്തു പറഞ്ഞു?
   What did Satan say on top of the mountain?

## ടീച്ചറോട് ചോദിക്കൂ
## Ask your Teacher

ഉപവസിക്കുക എന്നാൽ എന്ത്?
What is meant by fasting?

ഉപവസിക്കുന്നത് എന്തിന്?
Why do we fast?

ഉപവസിക്കുന്നതുകൊണ്ട് എന്തു പ്രയോജനം കിട്ടും?
What benifit one will get from fasting?

**യേശുവിനെ പരീക്ഷിച്ച സാത്താനെ കാണണമെങ്കിൽ കുത്തുകൾ യോജിപ്പിച്ചു നോക്കൂ, കളർ ചെയ്യുക** / To find Satan who tested Jesus, join the dots and colour it.

